എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം

86 (311) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഇ.എസ്.ഐ. കോർപ്പറേഷന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ആവശ്യത്തിലേറെ സ്ഥലസൗകര്യങ്ങളും കെട്ടിടങ്ങളും ഉള്ള എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കി തൊഴിലാളികളെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയോടനുബന്ധിച്ച് ആയുർവേദ വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഇ.എസ്.ഐ. കോർപ്പറേഷന്റെ പരിഗണനയിലാണ്.

(സി) ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഇക്കാര്യം പരിശോധിച്ചു വരികയാണ്.

വൈദ്യുതി മിച്ച സംസ്ഥാനം

87 (312) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടായിരമാണ്ടിൽ കേരളം വൈദ്യുതി മിച്ച സംസ്ഥാനമായിരിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ ആ ലക്ഷ്യം സാധിച്ചുവോ ;

(സി) എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ ;

(ഡി) സംസ്ഥാനത്തിനു പുറത്ത് നിന്നും സംസ്ഥാനം വൈദ്യുതി വാങ്ങുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly